പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2247 **27-10-2026-ൽ മറുപടിയ്ക്ക്**

<u>സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. സജി ചെറിയാൻ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. ടി. എം. ശശി

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന നിയമസഭാ, ലോകസഭ തെരഞ്ഞെടുപ്പ് വേളകളിൽ പോളിംഗ് ബൂത്തുകളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ഒരു പ്രത്യേക കമ്പനിക്ക് ലഭിക്കുന്ന തരത്തിൽ ടെണ്ടർ ഡോക്യുമെന്റുകൾ തയ്യാറാക്കുന്നുവെന്നും അതിലൂടെ സർക്കാരിന് ഭീമമായ നഷ്ടം ഉണ്ടാകുന്നു എന്നുമുള്ള പരാതി ആഭ്യന്തര, വിജിലൻസ് വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> പരാതി ലഭിച്ചിട്ടില്ല. എന്നാൽ 2026-ലെ കേരള നിയമസഭാ പൊതു തിരഞ്ഞെടുപ്പിനായി ലൈവ് വെബ് സ്ട്രീമിംഗ്, സിസിടിവി നിരീക്ഷണം, റെക്കോർഡിംഗ്, ജിപിഎസ് വാഹന ട്രാക്കിംഗ് തുടങ്ങിയ സേവനങ്ങൾക്കുള്ള ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി ചീഫ് ഇലക്ടറൽ ഓഫീസർ പുറപ്പെടുവിച്ച REQUEST FOR PROPOSAL (RFP) ലെ യോഗ്യതാ വ്യവസ്ഥകൾ മത്സരം പരിമിതപ്പെടുത്തുന്നതാണെന്നും അവ പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ട് Rail Tel Corporation of India Ltd, Broadcast Engineering Consultants India Ltd. (BECIL), Manraha Solutions Pvt. Ltd., ITI Limited, എന്നീ നാല് സ്ഥാപനങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര & വിജിലൻസ് വകുപ്പിന് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

(ബി) മേൽപ്പറഞ്ഞ പരാതിയെ തുടർന്ന് ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിരുന്നോ; എങ്കിൽ അതുവഴി എത്ര തുക കുറയ്ക്കാൻ കഴിഞ്ഞുവെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

<u>മറുപടി:</u> അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര & വിജിലൻസ് വകുപ്പിന് ലഭ്യമായ നിവേദനങ്ങൾ പരിശോധിക്കുകയും തുടർന്ന് RFP-യിലെ യോഗ്യതാ വ്യവസ്ഥകൾ പരിഷ്കരിക്കാൻ ചീഫ് ഇലക്ടറൽ ഓഫീസർക്ക് ഉപദേശം നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റി കൂടി യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയും Corrigendum പുറപ്പെടുവിക്കുകയും ചെയ്തു. 6 കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തിരുന്നു. ഫിനാൻഷ്യൽ ബിഡ് തുറക്കുന്നതിന് മുൻപാണ് ടെണ്ടർ യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിരുന്നത്.

(സി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ ഇതിനായി ചെലവഴിക്കപ്പെട്ട തുക, 2024-ലെ ലോകസഭ തെരഞ്ഞെടുപ്പിലേതിനെക്കാൾ കുറവായിരുന്നോയെന്ന് വ്യക്തമാക്കാമോ;

മറുപടി: 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വെബ് കാസ്റ്റിംഗ് പ്രവർത്തനങ്ങൾ സംബന്ധിച്ച് സേവന ദാതാവ് സമർപ്പിച്ച ഇൻവോയ്സുകളിൽ ചിലതിന്മേൽ മാത്രമാണ് പരിശോധന പൂർത്തിയാക്കി തുക അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ളവയിൽ നടപടി പുരോഗമിച്ച് വരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ താരതമ്യപഠനം നടത്തിയിട്ടില്ല.

(ഡി) മേൽ പരാതിയിന്മേലുള്ള പരിശോധനയിൽ എന്ത് കണ്ടെത്തലാണുണ്ടായതെന്ന് വ്യക്തമാക്കാമോ; ഒരു പ്രത്യേക കമ്പനിക്ക് നേട്ടം ഉണ്ടാക്കാനായി അധിക വിലയ്ക്ക് ക്യാമറ വാങ്ങാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മറുപടി: ബാധകമല്ല.

സെക്ഷൻ ഓഫീസർ